# ദൈവഹിതം പ്രവർത്തിക്കുന്നതിൽ നിന്നു നിങ്ങളെ തടയുവാൻ ബന്ധുക്കളെ അനുവദിക്കരുത്

സാക് പുന്നൻ

WFTW 01 ഫെബ്രുവരി 2015

ഉൽപത്തി 12:1ൽ യഹോവ അബ്രാമിനോട് അരുളിച്ചെയ്തു: "നിന്റെ ദേശത്തെയും നിന്റെ ജനങ്ങളെയും നിന്റെ പിതൃഭവനക്കാരെയും വിട്ട് ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പോകുക.'' അബ്രാമിന്, ബാബേലിലെ ജനങ്ങളെപ്പോലെ പെട്ടെന്ന് ഒരു ദിവസം ഒരു നല്ല ആശയം ഉദിച്ചിട്ട് "ഞാൻ കരുതുന്നത് ഊരിൽ മതിയാവോളം കാലം ഞാൻ ജീവിച്ചു കഴിഞ്ഞു അതുകൊണ്ട് ഇനി ഞാൻ കനാനിലേക്കു പുറപ്പെട്ടുപോയി അവിടെ എന്തെങ്കിലും ചെയ്യാം'' എന്നു പറഞ്ഞതല്ല. മറിച്ച് അദ്ദേഹത്തിന്റെ നീക്കങ്ങൾ മുഴുവനും ദൈവത്താൽ നിയന്ത്രിക്കപ്പെട്ടതായിരുന്നു. അബ്രഹാമിന് അന്ന് 75 വയസ്സായിരുന്നു. ദൈവത്തിൽ നിന്ന് കേൾക്കുവാൻ 75 വർഷം കാത്തിരിക്കേണ്ടി വന്നാലും അതു കേട്ടിട്ട് മുന്നോട്ടു നീങ്ങുന്നതാണ് നല്ലത്. മോശെ 40 വർഷത്തോളം ഒരു ആട്ടിടയനായി കാത്തിരുന്നതിനു ശേഷം ദൈവം സംസാരിച്ചപ്പോഴാണ് അദ്ദേഹം മുന്നോട്ട് നീങ്ങിയത്. മോശെ എന്തു വലിയ കാര്യമാണ് നിർവ്വഹിച്ചത് എന്ന് ചിന്തിച്ചു നോക്കുക! എഴുപതഞ്ചോ, എൺപതോ വർഷങ്ങൾ നാം കാത്തിരിക്കണമെന്നല്ല ഞാൻ പറയുന്നത്. നാം ദൈവത്തിൽ നിന്ന് കേൾക്കുന്നതു വരെ കാത്തിരിക്കുകയും അതിനുശേഷം മുന്നോട്ടു നീങ്ങുകയും വേണമെന്നു മാത്രമാണ് ഞാൻ പറയുന്നത്. എന്നാൽ തിരക്കുള്ള 20ാം നൂറ്റാണ്ടിലെ മനുഷ്യന് അതിന് സമയം ഉണ്ടാകും എന്ന് നിങ്ങൾ കരുതുന്നുണ്ടോ? ഇല്ല.

ഞാൻ 20 വയസ്സുള്ള ഒരു യുവാവായിരുന്നപ്പോൾ ദൈവം എന്നെ ഒരു പാഠം പഠിപ്പിച്ചതിന് ഞാൻ നന്ദിയുള്ളവനാണ്:മനുഷ്യർ നിന്നെ നടത്തുവാൻ അനുവദിക്കരുത്. ദൈവംതന്നെ നിന്നെ നടത്തട്ടെ. അനേക ആളുകൾ, എന്റെ സഹപ്രവർത്തകരുൾപ്പെടെ പല നല്ല മനുഷ്യർ, എന്നെ വിവിധ കാര്യങ്ങൾ ചെയ്യുവാൻ നിർബന്ധിച്ചിട്ടുണ്ട്. ഞാൻ അവരുടെ ഉപദേശം ശ്രദ്ധിച്ചു കേൾക്കാറുണ്ട്. എന്നാൽ ദൈവംകൂടെ എന്നോടു സംസാരിക്കുന്നതു വരെ ഞാൻ അതിനായി മുന്നോട്ടു നീങ്ങാറില്ല. ഞാൻ ദൈവത്തിൽ നിന്നു കേൾക്കുന്നതു വരെ കാത്തു നിൽക്കാറുണ്ട്. കാരണം, മനുഷ്യന്റെ അഭിപ്രായം ശ്രദ്ധിച്ചാൽ നാശത്തിൽ കലാശിക്കും എന്ന് എനിക്കറിയാം. നമ്മുടെ സഹപ്രവർത്തകരുടെ അഭിപ്രായം പരിഗണിക്കരുതെന്നല്ല ഞാൻ പറയുന്നത്. നാം കേൾക്കുന്ന അവസാന ശബ്ദം ദൈവത്തിന്റേത് ആയിരിക്കണമെന്നാണ് ഞാൻ പറയുന്നത്. ദൈവം അബ്രഹാമിനോട് 'പോകാൻ' പറഞ്ഞു. അപ്പോൾ അദ്ദേഹം പോയി. ദൈവം മൊശെയോട് 'പോകാൻ' പറഞ്ഞു. അപ്പോൾ അദ്ദേഹം പോയി. ദൈവം പൌലോസിനോട് പറഞ്ഞപ്പോൾ അദ്ദേഹം പോയി. ഇവരെല്ലാം തങ്ങളുടെ ജീവിതത്തിൽ ഏതാനും കാര്യങ്ങൾ നിർവ്വഹിച്ച ആളുകളാണ്. ഇന്ന് ദൈവത്തിനുവേണ്ടി ഒന്നല്ലെങ്കിൽ വേറെ എന്തെങ്കിലുമൊരു കാര്യം ചെയ്യാൻ ശ്രമിച്ചുകൊണ്ട് ആളുകൾ ചുറ്റും പരക്കം പായുന്നു. എന്നാൽ അവർ നിത്യത മൂല്യമുള്ള ഒരു കാര്യങ്ങളും ചെയ്തെടുക്കുന്നില്ല. സ്ഥിതി വിവര കണക്കു പ്രകാരം അവർ ചെയ്യുന്ന കാര്യങ്ങൾ മതിപ്പുളവാക്കുന്നവയായിരിക്കാം. എന്നാൽ അതു ബാബിലോൺ ആണ്. യെറുശലേം അല്ല.

"വരിക, നമുക്കു മുന്നോട്ടു നീങ്ങാം. കർത്താവിനായി ചില കാര്യങ്ങൾ നമുക്കു ചെയ്യാം. നമുക്ക് ഇഷ്ടിക ഉണ്ടാക്കാം, ചാന്തുണ്ടാക്കാം, നമുക്കു കുറെ കാര്യങ്ങൾ ചെയ്യാം.'' നിങ്ങൾക്കു മനുഷ്യരിൽ മതിപ്പുളവാക്കാൻ കഴിയും. "നമുക്കൊരു പേരുണ്ടാക്കാം.'' നെബുഖദ്നേസർ ചെയ്തതു പോലെ ബാബിലോൺ പണിത് നിങ്ങൾക്കു തന്നെ ഒരു വലിയ പേരുണ്ടാക്കിയേക്കാം. ഇന്ന് ക്രിസ്തീയ പ്രവർത്തനത്തിൽ ഇതാണ് സംഭവിക്കുന്നത്. അതാണ് വെളിപ്പാട് 17ലും 18ലും ഉള്ള സന്ദേശം. എന്നാൽ അബ്രഹാം ദൈവത്തിന്റെ 'പോകുക' എന്ന ശബ്ദത്തിനു വേണ്ടി കാത്തിരുന്നു.

അബ്രഹാം ദൈവത്തിന്റെ നടത്തിപ്പില്ലാതെ മുന്നോട്ടു പോയപ്പോഴൊക്കെ, അദ്ദേഹം പ്രയാസത്തിലായി എന്ന കാര്യം ശ്രദ്ധിക്കുക. ഉദാഹരണത്തിന് ദൈവം അബ്രഹാമിനോട് കൽദയരുടെ ദേശമായ ഊർ വിട്ട് അവിടുന്നു നയിക്കുന്ന ഇടത്തേക്കു പോകുവാൻ പറഞ്ഞു എന്നു നാം വായിക്കുന്നു. എന്നാൽ ഉൽപത്തി

11:31ൽ നാം വായിക്കുന്നത് തേരഹ് (അബ്രഹാമിന്റെ പിതാവ്) ആണ് അബ്രഹാമിനെയും കൊണ്ട് ഊരിൽ നിന്ന് യാത്ര പുറപ്പെട്ടത് എന്നാണ്. എന്നാൽ ദൈവം അബ്രഹാമിനോട് എന്താണ് പറഞ്ഞിട്ടുള്ളത്. "നിന്റെ ബന്ധുക്കളെയും നിന്റെ പിതൃഭവനത്തെയും വിടുക.'' എന്നാൽ ഇവിടെ നാം കാണുന്നത് 75 വയസ്സുള്ള അബ്രഹാം തന്റെ അപ്പന്റെ കൈപിടിച്ച് പുറപ്പെടുന്നതായാണ്! അങ്ങനെയാണ് അബ്രഹാം യാത്ര തുടങ്ങിയത്!!

ദൈവഹിതം പ്രവർത്തിക്കുന്നതിൽ നിന്ന് നിങ്ങളെ തടയുന്നവർ ഒന്നാമത് നിങ്ങളുടെ ബന്ധുക്കൾ തന്നെയാണ് നിങ്ങളുടെ മാതാപിതാക്കൾ, നിങ്ങളുടെ സഹോദരങ്ങൾ, നിങ്ങളുടെ സഹോദരിമാർ നിങ്ങളുടെ ഭാര്യയും മക്കളും. യേശു പറഞ്ഞു "ഒരുവൻ എന്റെ അടുക്കൽ വരികയും തന്റെ അപ്പനെയും, അമ്മയെയും, സഹോദരനെയും, സഹോദരിയെയും, ഭാര്യയെയും, മക്കളെയും വെറുക്കാതിരിക്കുകയും ചെയ്യുന്നു എങ്കിൽ എന്റെ ശിഷ്യനായിരിക്കാൻ കഴിയുകയില്ല.'' നിങ്ങൾക്ക് കർത്താവിനെ അനുഗമിക്കുവാൻ ആഗ്രഹമുണ്ടായിരിക്കാം. എന്നാൽ നിങ്ങളുടെ അപ്പനോ ഭാര്യയോ 'വേണ്ട' എന്നു പറഞ്ഞേക്കാം.

അതുപോലെ തേരഹ് അബ്രഹാമിനെയും കൊണ്ട് പുറപ്പെട്ടു ഹാരാൻ വരെ വന്ന് അവിടെ പാർത്തു (ഉല്പ. 11:31). അതു ദൈവഹിതമായിരുന്നില്ല. എന്തുകൊണ്ട് അവർ അവിടെ പാർത്തു? അതു തേരഹിന്റെ ആശയമായിരുന്നു. അവിടെ ഹാരാന് ഒരുപക്ഷേ തന്റെ ആട്ടിൻ കൂട്ടത്തിനുള്ള നല്ല മേച്ചിൽ സ്ഥലം ഉണ്ടായിരുന്നിരിക്കാം. എന്നാൽ ദൈവത്തിന്റെ സ്ഥലം അതല്ലായിരുന്നു. അബ്രഹാം അവിടെ തന്റെ അപ്പനോടുകൂടെ പാർത്തു! ധാരാളം അബദ്ധങ്ങൾ ചെയ്ത ഒരാളാണ് അബ്രഹാം അദ്ദേഹം ചെയ്ത ഒന്നാമത്തെ തെറ്റ്, ദൈവം മുമ്പു കൂട്ടി ചില കാര്യങ്ങൾ ചെയ്യണമെന്ന് തന്നോട് പറഞ്ഞപ്പോൾ അദ്ദേഹം പിതാവിനെ ശ്രദ്ധിച്ചു എന്നതാണ്. അതുകൊണ്ട് ദൈവം എന്തു ചെയ്തു? ദൈവത്തിന് ഇങ്ങനെയുള്ള സാഹചര്യങ്ങളെ അനായാസേന കൈകാര്യം ചെയ്യാൻ കഴിയും. അവിടുന്നു തേരഹിനെ മരണം മുഖേന മാറ്റിക്കളഞ്ഞു! (ഉല്പ. 11:32). "അങ്ങനെ യഹോവ തന്നോട് കല്പിച്ചതനുസരിച്ച് അബ്രാം പുറപ്പെട്ടു'' (ഉല്പ. 12:4).

നിങ്ങൾ പുറപ്പെടുന്നതിനു മുമ്പ്, ഗൌരവമേറിയ ചില കാര്യങ്ങൾ ദൈവം ചെയ്യുന്നതു വരെ നിങ്ങൾ കാത്തിരിക്കേണ്ടതുണ്ടോ? ദൈവം നിങ്ങളെ സ്നേഹിക്കുന്നെങ്കിൽ, അവിടുന്ന് അതുപോലെ ഗൌരവമുള്ള ചില കാര്യങ്ങൾ ചെയ്യും. എന്നാൽ നിങ്ങൾ ഒരു ഒത്തുതീർപ്പുകാരനാണെന്ന് ദൈവം കണ്ടാൽ, അവിടുന്നു നിങ്ങളെ നിങ്ങളുടെ ജീവിതകാലം മുഴുവൻ ഹാരാനിൽ, പാർക്കുവാൻ അനുവദിക്കുകയും നിങ്ങൾക്കു ദൈവഹിതം പൂർണ്ണമായി നഷ്ടമാകാൻ ഇടയാക്കുകയും ചെയ്യും.! ദൈവത്തോടു ചേർന്നു നീങ്ങുവാൻ പഠിക്കുക. ദൈവത്തെ അറിയാത്തെ ബന്ധുക്കളെ ശ്രദ്ധിക്കരുത്. ദൈവത്തെ അറിയുന്ന ദൈവഭക്തനായ ഒരു പിതാവാണെങ്കിൽ ആ പിതാവിൽ നിന്ന് എല്ലാ വിധത്തിലും കാര്യങ്ങൾ പഠിക്കുക എന്നാൽ ലൌകികനായ ഒരു പിതാവിൽ നിന്ന് അരുത് (ഇവിടെ ഞാൻ സൂചിപ്പിക്കുന്നത് ആത്മീയ തത്ത്വങ്ങളെക്കുറിച്ചാണ്). ഒടുവിൽ അബ്രഹാം കനാനിൽ എത്തിച്ചേർന്നപ്പോൾ, "യഹോവ അബ്രാമിനു പ്രത്യക്ഷനായി അദ്ദേഹത്തോട്, 'ഞാൻ ഈ ദേശം നിന്റെ സന്തതിക്കു നൽകും' എന്നരുളിച്ചെയ്തു.'' (ഉല്പ. 12:5,7).